# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4433** **25.10.2016- ൽ മറുപടിക്ക്**

**ബാലരാമപുരം സ്പിന്നിംഗ് മിൽ**

| **ചോദ്യം**<br>**ശ്രീ.സി.കെ.ഹരീന്ദ്രൻ** | **ഉത്തരം**<br>**ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടതും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നവീകരിച്ചതുമായ ബാലരാമപുരം സ്പിന്നിംഗ് മിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ബാലരാമപുരത്തുള്ള ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. |
| (ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ലാത്ത മണ്ഡലങ്ങളിൽ പുതുതായി നിക്ഷേപം നടത്തി സ്ഥാപനങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) കൂടുതൽ നിക്ഷേപങ്ങൾ ആകർഷിച്ച്, വ്യവസായവൽക്കരണം നടത്തി, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ മുഖ്യലക്ഷ്യം. മുൻഗണനാമേഖലകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാവിധ പ്രോത്സാഹന നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. എല്ലാ മണ്ഡലങ്ങളിലും പൊതുമേഖലാ വ്യവസായം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ